ജനകീയാസൂത്രണത്തെപ്പറ്റി വിദേശസഹായത്തോടുകൂടി നടത്തുന്ന ഗവേഷണം

2 (*650) ശ്രീ. കെ. ബാബു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി മെഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജനകീയാസൂത്രണത്തെപ്പറ്റി വിദേശ സഹായത്തോടുകൂടി ഏതെങ്കിലും അനൗദ്യോഗിക സംഘടന ഗവേഷണം നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് വിദേശ രാജ്യമാണ് ഇക്കാര്യത്തിൽ സഹായിക്കുന്നത് ;

(സി) ഗവൺമെന്റ് മുഖാന്തിരമാണോ മറ്റേതെങ്കിലും സ്ഥാപനം വഴിയാണോ ഈ സഹായം ലഭിക്കുന്നത്;

(ഡി) മറ്റേതെങ്കിലും സ്ഥാപനത്തിന്റെ സഹായത്തോടുകൂടി ഗവൺമെന്റിന്റെ പരിപാടികളിൽ ഗവേഷണം നടത്തുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമായിരുന്നോ ?

(ഇ) എങ്കിൽ അത് നേടിയിരുന്നുവോ ; വിശദാംശം വ്യക്തമാക്കാമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ,

(എ) ഉണ്ട്.

(ബി) നെതർലാന്റ്.

(സി) തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് മുഖേനയാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ബാബു : സർ, സി.ഡി.എസ്-ന്റെ 1999-2000 ആണ്ടിലെ വാർഷിക റിപ്പോർട്ടിൽ 16 കോടി രൂപ വിദേശ സഹായം ലഭിച്ചതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വിദേശ സഹായം ഏതെല്ലാം സംഘടനകളാണ് ഉപയോഗപ്പെടുത്തിയത്; ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഈ പ്രോജക്ട് ആരംഭിച്ചതുമുതൽ ആകെ സി.ഡി.എസ്സിന് ലഭിച്ചിട്ടുള്ളത് 11.37 കോടി രൂപയാണ്. ഇതിൽ 10.37 കോടി രൂപ 2002 ഡിസംബർ മാസം വരെ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ഫോർഡ് ഫൗണ്ടേഷന്റെ ഫെലോഷിപ് ലഭിച്ചിട്ടുള്ള ചില വിദേശികൾ നമ്മുടെ സംസ്ഥാനത്ത് ചില വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ അറിവോടുകൂടിയാണോ ; എന്ത് വിവരങ്ങളാണ് അവർ ശേഖരിക്കുന്നത് ; ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ സി.ഐ.എ.യുടെ കൂടി ബന്ധമുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, സി.ഐ.എ.യുടെ ബന്ധം ഉണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, നെതർലാൻഡ് ഗവൺമെന്റ് കേരളത്തിലെ വികസന സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി സി.ഡി.എസ്. എന്നു പറയുന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അതിന് 11-ൽ ചില്ലാനം കോടി ഉറുപ്പിക വിദേശ സഹായമായി ലഭിച്ചുവെന്നും ഇവിടെ അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ പണം ചെലവഴിക്കുന്നതിന് കേരളത്തിലെ ശാസ്ത്ര സാഹിത്യ പരിഷത്ത് ഉൾപ്പെടെയുള്ള ഏതെങ്കിലും സാമൂഹിക സംഘടനകളുടെ സഹായം ഇതുമായി ബന്ധപ്പെടുത്തുകയോ അവരെ ചുമലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, സി.ഡി.എസ്-ന്റെ പ്രവർത്തനവുമായി ഗവൺമെന്റിന് നേരിട്ട് ബന്ധമില്ല. ആരെയൊക്കെ ചുമതലപ്പെടുത്തണമെന്ന് തീരുമാനിക്കേണ്ടതും ചെലവഴിക്കേണ്ടതും അവരാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് വികസനത്തിന് ഇടപെടാൻ വിദേശത്തുനിന്ന് വരുന്ന പണത്തിൽപ്പോലും സംസ്ഥാന സർക്കാരിന് നിയന്ത്രണമില്ലെന്നു പറയുന്നത് ഒരു അപകടമാണ്. എന്റെ ചോദ്യം, തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണത്തിനുശേഷം വികേന്ദ്രീകൃത ആസൂത്രണം പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ധനകാര്യ വകുപ്പ് കഴിഞ്ഞ ദിവസം ഇറക്കിയ 381/03-ാം നമ്പർ ഉത്തരവുപ്രകാരം പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പഞ്ചായത്തുകളുടെ പണം ഇംപ്ലിമെന്റിംഗ് ആഫീസർമാരുടെ പി.ഡി. അക്കൗണ്ടിൽനിന്ന് സെക്രട്ടറിമാരുടെ അക്കൗണ്ടിലേയ്ക്ക് മാറ്റാൻ നിർദ്ദേശം കൊടുക്കുകയുണ്ടായി. നിർമ്മാണത്തിൽ ഇരിക്കുന്ന, അല്ലെങ്കിൽ പാവപ്പെട്ടവർക്ക് വീടു വയ്ക്കാൻ സ്ഥലം വാങ്ങാൻ ചെക്ക് കൊടുത്ത പഞ്ചായത്തുകളുടെ പണം ഇതുപോലെ തിരിച്ചുപിടിച്ചാൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ നിർത്തലാക്കേണ്ട അവസ്ഥയുണ്ടാകും. ഇത് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് കഴിഞ്ഞ കാലഘട്ടത്തിലെപ്പോലെ സുതാര്യതയില്ലാത്ത ധനകാര്യ മാനേജുമെന്റ് ഒരിക്കലും ഭൂഷണമല്ല എന്നുള്ളതാണ്. അതുകൊണ്ട് ധനകാര്യ മാനേജുമെന്റ് സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ചത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റു ചില കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന മാനവീയം പരിപാടിയിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നതായി സി.&എ.ജി. ചൂണ്ടിക്കാണിച്ചിരുന്നു. സി.&എ.ജി. ചൂണ്ടിക്കാണിച്ച ഇക്കാര്യം ഇല്ലാതാക്കുന്ന തരത്തിൽ എന്തെങ്കിലും നിർദ്ദേശം പ്ലാനിംഗ് ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ സി.&എ.ജി. ചൂണ്ടിക്കാണിച്ച ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, സി.&എ.ജി. ചൂണ്ടിക്കാണിച്ച കാര്യങ്ങളെ സംബന്ധിച്ച് തീർച്ചയായും പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ റ്റി എൻ പ്രതാപൻ : സർ, ആഫ്രിക്കയിൽ നടപ്പിലാക്കിയ 'ജല മാനേജുമെന്റ്' എന്ന ലോക ബാങ്കിന്റെ മറ്റൊരു പദ്ധതിയല്ലേ ജനകീയാസൂത്രണത്തിന്റെ പേരിൽ മാരാരിക്കുളത്ത് നടപ്പിലാക്കുന്ന മെഡിക്കോം പ്രോജക്ട് എന്നത് അറിയാമോ ?

ശ്രീ.ചെർക്കളം അബ്ദുള്ള : സർ, മാരാരിക്കുളത്ത് എന്തെങ്കിലും പരിപാടി നടത്തിയിട്ടുണ്ടെങ്കിൽ ഗവൺമെന്റിന് അതിനെക്കുറിച്ചറിയില്ല.

ശ്രീ. ലൂഡി ലൂയീസ് : സർ, ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് സ്വിസ്സ് ഗവൺമെന്റിന്റെ സഹായമായി 10.54 കോടി രൂപ കാപ്പെക്സിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പണം ചെലവഴിച്ചത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കാപ്പെക്സ് സി.ഡി.എസ്സുമായി ബന്ധപ്പെട്ടതല്ല. അതു സംബന്ധിച്ച് പ്രത്യേകം ചോദ്യമുണ്ടെങ്കിൽ മറുപടി തരാം.

ശ്രീ. ലൂഡി ലൂയീസ് : സർ, ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കാപ്പെക്സിന്റെ രണ്ടാം ഘട്ട പരിപാടികൾക്കായി എക്സിക്യൂട്ടീവ് കോ-ഓർഡിനേറ്ററായിരുന്ന ഡോ. ജോയി ഇളമണ്ണിനെ ചീഫ് പ്രോഗ്രാം കോ-ഓർഡിനേറ്ററായി സ്വിസ്സ് ഗവൺമെന്റ് നേരിട്ട് നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഇങ്ങനെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ പദ്ധതി നടത്തിപ്പിൽ വിദേശ ഇടപെടലായി മാറുകയില്ലേ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കാപ്പെക്സിന്റെ പ്രവർത്തനം കിലയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ആരംഭിച്ചത്. ആ പ്രവർത്തനത്തിന് ഡോ. ജോയി ഇളമണ്ണിനെ നേരത്തെ നിശ്ചയിച്ചതും സ്വിസ്സ് ഗവൺമെന്റ് തന്നെയാണ്. ഇപ്പോഴും സ്വിസ്സ് ഗവൺമെന്റ് അദ്ദേഹത്തെ നിയമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഇടപെടാനും ഗവൺമെന്റുമായി ബന്ധപ്പെടാനുമുള്ള ചില കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു വരികയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തുന്നുണ്ട്. ഇവിടെ നടത്തുന്ന ഗവേഷണങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ധനസഹായം ചെയ്തു കൊടുക്കാത്തതിന്റെ ഫലമായി വിദേശ ഏജൻസികളിൽ നിന്നും ധനസഹായ സ്വീകരിച്ചുകൊണ്ട് ഗവേഷണം നടത്തണം എന്നുള്ളതല്ലേ സംസ്ഥാന ഗവൺമെന്റിന്റെ നയം. സംസ്ഥാനത്ത് ഏതെങ്കിലും സർവ്വകലാശാലയോ ഗവേഷണ സ്ഥാപനമോ വിദേശ സഹായം വാങ്ങി ഗവേഷണം നടത്തുന്നുണ്ടോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ബഹുമാനപ്പെട്ട അംഗം മൂന്ന് ചോദ്യങ്ങളാണ് ഇവിടെ ചോദിച്ചത്. സ്റ്റേറ്റ് ഗവൺമെന്റ് സി.ഡി.എസുമായി നടത്തുന്ന ഗവേഷണത്തിന് ഈ വർഷം 40 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഇത് തികച്ചും ഓട്ടോണമസ് ബോഡി എന്നുള്ള നിലയിൽ ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതാണ്. അതുപോലെ തന്നെ സി.ഡി. എസ് അടക്കമുള്ള കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങിയിട്ടുള്ള ആളുകൾക്ക് നേരിട്ട് പണം രാജ്യത്തിന് പുറമേ നിന്ന് സ്വീകരിക്കാനുള്ള അവകാശം ഉണ്ട്. അവർ സ്വീകരിച്ചു വരുന്നതായി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ് : സർ, ഈ ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദേശസഹായം പല കാര്യത്തിലും ലഭിച്ചിട്ടുണ്ട്. ഏതെല്ലാം വിദേശ സഹായം ലഭിച്ചിട്ടുണ്ടോ അതിലെല്ലാം ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ബന്ധമുണ്ട്. ഈ പണം എവിടെ നിന്നു വന്നിരുന്നാലും സി.ഡി.എസ്. പിന്നെ ശാസ്ത്ര സാഹിത്യ പരിഷത്ത്, അവിടെനിന്ന് സി.പി.എമ്മിന്റെ പാർട്ടി ഫണ്ട് അങ്ങനെയാണ് പോകുന്നത്. ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുവാൻ സർക്കാർ തയ്യാറാകുമോ ? ഈ പണാപഹരണം സംബന്ധിച്ച് അന്വഷണം നടത്തേണ്ടതല്ലേ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കഴിഞ്ഞ കാലങ്ങളിലൊക്കെ സുതാര്യമില്ലാത്ത ചില പ്രവർത്തനംമൂലമാണ് ഇത്തരത്തിൽ സാഹചര്യം ഉണ്ടായിട്ടുള്ളത്. വ്യവസ്ഥാപിതമായ രീതിയിൽ ഏതു ഗവൺമെന്റിന്റെ പണവും സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. വ്യവസ്ഥാപിതമായ രീതിയിൽ ഏത് ഗവൺമെന്റിന്റേതാണെങ്കിലും ആ പണം സ്വീകരിക്കാനും ഈ സംസ്ഥാനത്തിന്റെ വികസന രംഗത്തും അതുപോലെ മറ്റു രംഗങ്ങളിലും പ്രാവർത്തികമാക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, നാലായിരം കോടിയിലധികം വികസന പ്രവർത്തനങ്ങൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും നടന്നു. അതിവിപുലമായ ജീവിത പങ്കാളിത്തത്തോടുകൂടി ജനങ്ങൾ മുൻകൈയെടുത്ത് നടത്തിയിട്ടുള്ള ജനകീയാസൂത്രണം ഇവിടെ ഇപ്പോഴത്തെ ഭരണ കക്ഷിയിൽ ഇരിക്കുന്ന ചില അംഗങ്ങൾ അമേരിക്കൻ സി.ഐ.എ. യുടെ പിൻതുണയോടും അവരുടെ പരിപാടിയുടെ ഭാഗവുമായിട്ട് സംഘടിപ്പിച്ചിട്ടുള്ളതാണെന്ന ആരോപണം ഉണ്ടായി. സുതാര്യത ഏറ്റവും കൂടുതലായി അംഗീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നു എന്നുള്ളത് ബഹമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശഭരണ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയും ഇവിടെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. കഴിഞ്ഞ കാലത്ത് നടത്തിയ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അമേരിക്കൻ സി.ഐ.എ. യുടെ എന്തെങ്കിലും രീതിയിലുള്ള പങ്കുണ്ട് എന്ന് പറയാൻ ഈ ഗവൺമെന്റിന് വല്ല തെളിവുകളോ വസ്തുതകളോ ഉണ്ടോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, അത് ഇല്ല എന്ന് സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടന്ന പല നടപടി ക്രമത്തിലും അവ്യക്തതും സുതാര്യമില്ലായ്മയും പറ്റി അതായത് state -ന്റെ performance, Local Fund Audit audit objection-ലൂടെ ബഹുമാനപ്പെട്ട നിയമസഭാ സമിതിമുമ്പാകെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടി സ്വീകരിച്ചു വരുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, ഇവിടെ എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. ലൂഡി ലൂയിസിന്റെ ചോദ്യവുമായി ബന്ധപ്പെട്ട CAPEX-നെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടതാണോ എന്ന സംശയം അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. എന്റെ ചോദ്യം GO(MS) 58/99 Dated 24-12-1999 പ്രകാരം Prpject on Capacity Development for Decentralisation in Kerala എന്ന പദ്ധതി ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടതാണ്; യാതൊരു സംശയവുമില്ല. ഇതുമായി ബന്ധപ്പെട്ട ഒരു ജി.ഒ. പ്ലാനിംഗ് ബോർഡ് സെക്രട്ടറി ഇറക്കുകയുണ്ടായി. ഈ ജി.ഒ. യിൽ മന്ത്രി അടക്കമുള്ള 15 അംഗ സമിതിയിലെ ഒരു സ്ഥിരം invitee ആയ ഡോ. ജോയ് ഇളമണ്ണിനെ executive co-ordinator ആയി നിയമിച്ചു. ആ ജി.ഒ യിൽ തന്നെ രണ്ടാം ഘട്ടമായപ്പോൾ project executive committee എന്നു പറയുന്ന ഒരു കമ്മിറ്റി ഉണ്ടാക്കി. അതിൽ അഞ്ചു പേരുള്ള ഒരു സമിതിയായി വീണ്ടും ചുരുക്കി സ്ഥിരം ക്ഷണിതാവായ ജോയ് ഇളമണ്ണിനെ സെക്രട്ടറിയായി നിയമിച്ചു. അതിന്റെ മൂന്നാം ഘട്ടത്തിൽ executive union എന്ന് പറയുന്ന ഒരു സമിതിയായി ; മന്ത്രി അടക്കമുള്ള സമിതിയാണ്. പൂർണ്ണ അധികാരം ആ സ്ഥിരം ക്ഷണിതാവായ outsider-ക്ക് കൊടുത്തു. ആ സ്ഥാപനത്തിന് 10.54 കോടി രൂപ സ്വിസ് ഗവൺമെന്റിന്റെ സഹായം കിട്ടിയിട്ടുണ്ട്. എന്റെ ചോദ്യം, ഈ പണം ചെലവഴിച്ചിരുന്നത് കേന്ദ്ര ബഡ്ജറ്റിലൂടേയോ സംസ്ഥാന ബഡ്ജറ്റിലൂടേയോ അല്ല എന്ന് മനസ്സിലാക്കണം. അതിനെ സംബന്ധിച്ച് ഒരു സമഗ്രമായ അന്വഷണം നടത്താമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, നമ്മുടെ സംസ്ഥാനത്ത് Kerala Residence Programme on Local Development-ന്റെ ഭാഗമായി കേരളത്തിൽ 9-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയിരുന്ന ജനകീയാസൂത്രണം വികേന്ദ്രീകൃത ആസൂത്രണമായി. അതിനെക്കുറിച്ച് പഠനം നടത്തുകയാണ്. അത് നടപ്പിലാക്കുന്നതിന് ആവശ്യമായ കമ്മിറ്റികൾ ഉണ്ട്. Programme Advisory Council അതുപോലെതന്നെ Programme Committee Development-ലെ stearing committee. ഇപ്പോൾ നിലവിലുള്ളവയിൽ ചെയർമാനായി കൽക്കത്തയിലെ University of Jury Science -ലെ Vice Chancellor ആണ്. ഈ കമ്മിറ്റികളാണ് ഇതനുസരിച്ച് കൈകാര്യം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : സർ, ഈ കൊച്ചു കേരളത്തിൽ 38,000 രജിസ്റ്റേർഡ് സന്നദ്ധ സംഘടനകൾ ഉണ്ട്. അതിൽ 1400 എണ്ണം Foreign Contribution Regulation Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അതിന്റെ world vision 6,000 കോടി രൂപ 5 കൊല്ലം കൊണ്ട് ചെലവാക്കുന്ന സേവ, ചവറ കൾച്ചറൽ സെന്റർ, തൊടുപുഴ ഉപാസന, അടിമാലി സോപാനം. അതുപോലെ പഴയ സോവിയറ്റ് യൂണിയനിൽ ഗോർബച്ചേവിന്റെ കാലത്ത് അരങ്ങ് തകർത്ത കർണാഗി ഫൗണ്ടേഷൻ ഒക്കെ ഇപ്പോൾ കേരളത്തിൽ വിശേഷിച്ചും മലപ്പുറത്തും കാസർകോടും വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇത്തരം സംഘടകളുടെ അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായ വിവരങ്ങൾ അന്വേഷിച്ച് ശേഖരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഏതെങ്കിലും വിവരം ലഭ്യമാക്കിയാൽ തീർച്ചയായും അത് സംബന്ധിച്ച് പരിശോധിക്കാം. മലപ്പുറത്തും കാസർകോടും മാത്രമല്ല, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന എല്ലാ പ്രദേശങ്ങളിലേയും വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തി വരുകയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, തിരുവനന്തപുരം Centre for Development Studies 1995 മുതൽ 24 മേഖലകളിലായി തിരിച്ച് 16 കോടി രൂപ ചെലവിൽ 325 പ്രോജക്ടുകൾ തയ്യാറാക്കി എന്നാണ് വാർത്തകളിൽ പറയുന്നത്. Kerala Research Programme on Local Development എന്ന പേരിൽ പഞ്ചായത്തുകളുടെ വിഭവ ഭൂപട നിർമ്മാണവും സമാന്തര വികസന റിപ്പോർട്ടുകളും ഉണ്ടാക്കുകയാണ് ഈ ഗവേഷണ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് വളരെ ദുരൂഹതയുണ്ടാക്കുന്ന ഒരു വിഷയമാണ്. റിച്ചാർഡ് ഫ്രാങ്ക്ളിയും ഫോഡ് ഫൗണ്ടേഷനും മസാച്ചു സൈറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും അമേരിക്കൻ കാർഷിക വകുപ്പും ഒക്കെ ഇതിലാണ്. ഇതിന്റെ ദുരൂഹത അവസാനിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് ഈ കാര്യം ഗൗരവമായി എടുത്ത് അന്വഷണത്തിന് തയ്യാറാകുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, 1996 മുതൽ 2003 വരെ 325 ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. 190 പഠനങ്ങൾ പൂർത്തിയായി. 135 എണ്ണം വിവിധ ഘട്ടത്തിലായി പുരോഗമിക്കുകയാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റിന് പരാതി ലഭിച്ചാൽ ഗവൺമെന്റ് അതനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 1995-ലാണ് Centre for Development Studies-ന്റെ ഗവേഷണ പദ്ധതി ആരംഭിച്ചത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ ആന്റണി 1995 ഒക്ടോബറിൽ അതിന്റെ ഉൽഘാടനത്തിൽ അദ്ധ്യക്ഷനായിരുന്നു. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടാണ് ഉൽഘാടനം ചെയ്തത്. എന്റെ ചോദ്യം, ഈ ഗവേഷണ പരിപാടിയുടെ ഭാഗമായി മുൻഗണനകൾ സ്വീകരിക്കുന്നതിനുള്ള സമീപനങ്ങൾ അംഗീകരിക്കുന്നത്, പ്രോജക്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കുന്നത് Stearing Committee-യുടെ അന്നത്തെ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനായിരുന്ന ശ്രീ. വി. രാമചന്ദ്രൻ ആയിരുന്നു എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഇതു സംബന്ധിച്ച് എന്നെക്കാൾ കൂടുതൽ പ്ലാനിംഗ് ബോർഡിലെ അംഗമായിരുന്ന ശ്രീ. തോമസ് ഐസക്കിന് അറിയാം. ആ കാര്യത്തെ സംബന്ധിച്ച് രണ്ടാമത് സൂചന കൊടുക്കേണ്ട ആവശ്യമില്ലല്ലോ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മാരാരിക്കുളം മോഡൽ ചോദ്യം വന്നപ്പോൾ മന്ത്രി അത് അറിയില്ല എന്ന് പറഞ്ഞു. STSY പ്രകാരം സംസ്ഥാന ഗ്രാമവികസന വകുപ്പും മുഖ്യമന്ത്രിയും അടക്കമുള്ളവരുടെ ശുപാർശ പ്രകാരമാണ് STSY പദ്ധതി നടപ്പിലാക്കുന്നത്. ഈ STSY പദ്ധതിയെക്കുറിച്ച് പരിശോധിക്കാൻ ഗ്രാമ വികസന വകുപ്പ് തയ്യാറാകുന്നുണ്ടോ ?

ശ്രീ. സി. എഫ്. തോമസ് : സർ, എസ്.ടി.എസ്.വൈ പദ്ധതിപ്രകാരം നമ്മുടെ സംസ്ഥാനത്ത് ഗ്രാമ വികസന വകുപ്പിന്റെ ശുപാർശയോടുകൂടി കൊടുക്കുന്ന പദ്ധതികൾ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചു തരാറുണ്ട്. സ്പെഷ്യൽ പ്രോജക്ടുകൾ. ഇപ്പോൾ ആര്യാട് കഞ്ഞിക്കുഴി ബ്ലോക്കിൽ അനുവദിച്ചു. ഈ കൊല്ലം ഇപ്പോൾ കോഴിക്കോട് ജില്ലയിൽ നല്ല ഒരു പദ്ധതിക്ക് വീണ്ടും അംഗീകാരം കിട്ടിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പദ്ധതികൾ ഇപ്പോൾ തുടർച്ചയായിട്ട് അംഗീകാരം വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരം ശരിയാണ്. ഇങ്ങനെ കിട്ടുന്ന പണം, കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാന ഡിപ്പാർട്ടുമെന്റ് വഴി അനുവദിക്കുന്ന ഈ പണം, കൃത്യമായി ചെലവഴിക്കുന്നുണ്ടോ ഏതൊക്കെ സ്പെഷ്യൽ പ്രോജക്ടുകൾക്ക് ഏതൊക്കെ ഉദ്ദേശങ്ങൾക്കായി കൊടുക്കുന്നു അതൊക്കെ അതിനായിട്ട് വിനിയോഗിക്കുന്നുണ്ടോ എന്നുള്ളത് സ്വാഭാവികമായി ഗവൺമെന്റ് എപ്പോഴും പരിശോധിക്കും. എല്ലാ പദ്ധതികളെക്കുറിച്ചും ഗവൺമെന്റ് പരിശോധന നടത്തുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാനത്ത് 38-ആയിരത്തോളം രജിസ്റ്റേർഡ് സന്നദ്ധ സംഘടനകളാണ് പ്രവർത്തിക്കുന്നത്. അതിൽ ആയിരത്തോളം സന്നദ്ധ സംഘടനകൾ Foreign Contribution Regulation Act പ്രകാരം വിദേശ സഹായം, ഗവേഷണം ഇവിടെയുള്ള സന്നദ്ധ സംഘടനാ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടി കൈപ്പറ്റാൻ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ തന്നെ അനുമതി ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളാണ്. അത്തരത്തിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളെ കുറിച്ച് ഇവിടെ ശ്രീ. ടി. കെ. ബാലൻ വിവരിക്കുകയുണ്ടായി. Oxford, Canadian International Foundation, Ford Foundation, World vision തുടങ്ങി ഒരുപാട് ഫൗണ്ടേഷനുകൾ ഉണ്ട്. ഇത്തരത്തിൽ വിദേശ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ടിനു വിധേയമായി ജനകീയാസൂത്രണത്തിൽ മുൻ ഗവൺമെന്റിന്റെ കാലത്തോ, ഈ ഗവൺമെന്റിന്റെ കാലത്തോ വല്ല വിദേശ പണവും കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ, അതൊന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചു, സുതാര്യതയോടു കൂടിയുള്ള ഏത് ഗവൺമെന്റിന്റെ പണമാണെങ്കിലും ഗവൺമെന്റിന് സ്വീകരിക്കുന്നതിന് വിരോധമില്ല. അത് ഇവിടെ നടപ്പിലാക്കി വരുന്നു നിങ്ങൾ ആരംഭിച്ച ചില പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരികയാണ്. എ.ഡി.ബി. യുടെ പദ്ധതി, അതുപോലെ തന്നെ പല പദ്ധതികളും നടപ്പിലാക്കി വരികയാണ്. Central Research Programme, Country Research Programme എന്ന നിലയിലൊക്കെ നമ്മുടെ രാജ്യത്തിനു പുറമെ നിരവധി രാജ്യങ്ങൾ നടപ്പിലാക്കുന്നുണ്ട്. വിയറ്റ്നാം, ഈജിപ്ത്, ബംഗ്ലാദേശ്, ഉഗാണ്ട, ടാൻസാനിയ, ബൊളീവിയ, മാലി എന്നീ രാജ്യങ്ങളിൽ ഒക്കെ നടപ്പിലാക്കുന്നുണ്ട്. ഇത് ഞാൻ നേരത്തെ സൂചിപ്പിച്ചു. എഫ്.സി.ആർ.എ. ലഭിച്ചിട്ടുള്ള ഏത് സ്ഥാപനം ആയാലും നേരിട്ട് വിദേശ പണം സ്വീകരിക്കാനാവശ്യമായ അനുമതിയാണ് എഫ്.സി.ആർ.എ. അത് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമുണ്ടെങ്കിൽ വാങ്ങിക്കാവുന്നതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ലോകത്തിൽ എല്ലായിടത്തും ഈ നൂറ്റാണ്ടിലെ ഡവലപ്മെന്റ് ഓപ്ഷൻ എന്നുപറയുന്നത് ഡവലപ്മെന്റ് ആക്ടിവിറ്റീസ് NGO's മുഖേന നടപ്പിലാക്കുക എന്നുള്ളതാണ്. നല്ല ഒരാശയമാണിത്. കേരളത്തിൽ അതിന് അനന്തമായ സാദ്ധ്യതകൾ ഉണ്ട്. നല്ല ക്വാളിറ്റിയുള്ള സന്നദ്ധ സംഘടനകൾ ഉള്ള സ്ഥലമാണ് ഇത്. അതുകൊണ്ട് വിദേശ ഫണ്ട് ഒന്നുമല്ല പ്രശ്നം. ഈ സന്നദ്ധ സംഘടനകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ അക്കൗണ്ടബിലിറ്റി പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണെന്ന കാര്യം ഗവൺമെന്റിന് തോന്നിയിട്ടുണ്ടോ, ആ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, അക്കൗണ്ടബിലിറ്റി വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. ഏതെങ്കിലും കാര്യം ഇതുസംബന്ധിച്ച് ആവശ്യമാണെന്ന് തോന്നുന്നപക്ഷം എല്ലാ കാര്യങ്ങളും പരിശോധിക്കാവുന്നതാണ്. ഓരോ സംഘടനയും നടപ്പിലാക്കുന്ന കാര്യങ്ങളുടെ അക്കൗണ്ടബിലിറ്റി അവർ കീപ്പ് അപ് ചെയ്യുന്നത് അവരുടെ തന്നെ ഗുണത്തിന് നല്ലതാണ്. നമ്മുടെ സംസ്ഥാനത്ത് നിരവധി NGO's ഉണ്ട്. ആ NGO's ൽ നല്ലതും അതുപോലെ തന്നെ പ്രവർത്തനരഹിതമായിരിക്കുന്ന സംഘടനകളും പണം വാങ്ങുന്നു എന്നുള്ള ആരോപണങ്ങളൊക്കെയുണ്ട് എന്ന് പത്രങ്ങളിൽ കാണുന്നതു മാത്രമേയുള്ളൂ, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേകമായി പരാതി കിട്ടിയാൽ ആ കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ജയരാജൻ : സർ, ജനകീയാസൂത്രണ പ്രസ്ഥാനവും പദ്ധതിയും അതിനെക്കുറിച്ചുള്ള ഗവേഷണവും രണ്ടായിട്ട് കാണണം. ജനകീയാസൂത്രണ പദ്ധതി എന്നുപറയുന്നത് സംസ്ഥാനപദ്ധതിയുടെ 40 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തതാണ്. അതിൽ യാതൊരു വിദേശ സഹായവും ഇല്ല. അതേക്കുറിച്ച് വിദേശ ഫണ്ടിംഗോടുകൂടി പല ഏജൻസികളും പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുണ്ടാകാം, ഗവേഷണം നടത്തിയിട്ടുണ്ടാകാം, പക്ഷേ നമ്മുടെ സംസ്ഥാനത്ത് സുതാര്യമായി ഭരണം നടത്തുന്നു എന്നുപറയുന്ന ഈ ഗവൺമെന്റിന്റെ കാലത്തും നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഭരണനവീകരണത്തെ കുറിച്ച് ഗവേഷണം നടത്തുകയുണ്ടായി. അപ്പോൾ സുതാര്യതയെക്കുറിച്ചുള്ള ഈ ഗവൺമെന്റിന്റെ അവകാശവാദം പൊള്ളയാണെന്നല്ലേ ഇത് തെളിയിക്കുന്നത്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഈ ഗവൺമെന്റിന്റെ അവകാശവാദം തികച്ചും ശരിയാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതാണ് ആവശ്യം. ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. കഴിഞ്ഞ കാലങ്ങളിൽ അത് ഉണ്ടായില്ല. ബോദ്ധ്യപ്പെടുത്താതിരുന്നതുകൊണ്ടാണ് ഇന്ന് ഇങ്ങനെ പലതും പത്രങ്ങളിലൊക്കെ വാർത്തയായി വരാനൊക്കെ കാരണമായത് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട അംഗത്തിനു തന്നെ വളരെ വ്യക്തമായി അറിയാം. ഈ സംസ്ഥാനത്ത് ആസൂത്രണത്തിന് മാത്രമായികൂടുതൽ സമയം ഉപയോഗിച്ചതിനാൽ ഇപ്പോൾ കേരള വികസന പദ്ധതിയിലൂടെ സുതാര്യവും കാര്യക്ഷമവുമായി പദ്ധതികൾ നടപ്പിലാകുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് അനുസരിച്ച് വിദേശത്തു നിന്ന് പണം പറ്റുന്ന സംഘടനകൾ ആ പണം ദേശദ്രോഹ പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഗവൺമെന്റിന് വല്ല സംവിധാനവും ഉണ്ടോ ; ഇല്ലെങ്കിൽ അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഗവൺമെന്റിന് എല്ലാ രംഗത്തും സംവിധാനം ഉണ്ട്. അതുസംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ജനകീയാസൂത്രണം ആരംഭിച്ച ആദ്യ കാലഘട്ടത്തിൽ എല്ലാ ആളുകളും ഇതിനോട് യോജിപ്പ് പ്രകടിപ്പിക്കുക ആണുണ്ടായത്. നമ്മുടെ നാട്ടിലെ കോൺഗ്രസ്സിന്റെ സാധാരണ പ്രവർത്തകർ മഹാത്മാഗാന്ധി, രാജീവ്ഗാന്ധി, സോണിയാ ഗാന്ധി, പ്രീയങ്കാ ഗാന്ധി, പ്രീയങ്കാ ഗാന്ധിയുടെ കുട്ടി ഒക്കെ സ്വപ്നം കണ്ടതാണ് ജനകീയാസൂത്രണം എന്ന് പ്രസംഗിച്ചു നടന്നിരുന്നു. ഇപ്പോൾ ഇതിൽ CIA ബന്ധം ആരോപിക്കുന്നത് ശരിയാണോ ? ഇതിൽ കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനു പകരം ഈ രൂപത്തിൽ ആരോപണങ്ങൾ ഒഴിവാക്കുന്നതല്ലേ നല്ലത്. ഇതിനെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ബഹുമാനപ്പെട്ട അംഗം അധികാര വികേന്ദ്രീകരണത്തിന്റെയോ, വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയുടെയോ പിതൃത്വം ഏറ്റെടുക്കുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. അങ്ങനെ ഒരു പിതൃത്വം ഏറ്റെടുത്തതുകൊണ്ട് കാര്യമില്ല. 1995-ൽ കേരളത്തിൽ തന്നെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ആക്ട് നടപ്പിലാക്കി തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നു. ഈ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയത് നിങ്ങളാണ്, ഇതിന്റെ പിതൃത്വം അവകാശപ്പെടാൻ നിങ്ങൾക്ക് ആർക്കും അവകാശമില്ലെന്നുള്ളതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, നെതർലാൻഡ് ഗവൺമെന്റ്, സ്വിസ്സ് ഗവൺമെന്റ് തുടങ്ങി നിരവധി രാഷ്ട്രങ്ങളിൽ നിന്ന് വിദേശസഹായം വാങ്ങുന്ന ഒത്തിരി സംഘടനകൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെ കുറിച്ച് വ്യക്തമായ കാര്യങ്ങൾ ഒന്നും സംസ്ഥാന ഗവൺമെന്റിനറിയില്ല എന്നാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. ഇത്രയേറെ വിദേശ പണം നമ്മുടെ സംസ്ഥാനത്ത് ഒഴുകുകയും അവയുടെ പ്രവർത്തനത്തെ കുറിച്ച് സംസ്ഥാന ഗവൺമെന്റിന് വ്യക്തമായ ഒരഭിപ്രായം അറിയില്ല എന്ന് പറയുകയും, ഇവയെ നിയന്ത്രിക്കാൻ ഒരു നടപടിയും സ്വീകരിക്കാത്ത ഘട്ടത്തിൽ പരാതികൾ ഒന്നുമില്ലാതെ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ബഹുമാനപ്പെട്ട അംഗത്തിനു തന്നെ പരാതി എഴുതി തരാമല്ലോ, അങ്ങനെ പരാതി എഴുതി തന്നിട്ടുണ്ടെങ്കിൽ പ്രത്യേകം പരിശോധിക്കാം.

ശ്രീ. ടി.കെ. ദേവകുമാർ : സർ, ഇവിടെ മുഖ്യമന്ത്രി പറഞ്ഞ ഒരു മറുപടി അങ്ങ് ശ്രദ്ധിച്ചു കാണുമല്ലോ, അതിനകത്ത് പറഞ്ഞിരിക്കുന്നത് maintain and manage the accounts of expenditure and commitments for all tender എന്നാണ്. അതിനകത്തു പറഞ്ഞിരിക്കുന്ന ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. Candidates whose experience does not extend beyond their own country of orgin or not having executed similar assignments will be disqualified ഇതാണ് എം.ജി.പി. യെ സംബന്ധിച്ച് വിളിച്ചിരിക്കുന്ന ടെൻഡറിലെ ഒരു ഭാഗം. ഇത് വിദേശ സഹായത്തോടുകൂടി ചെയ്യുന്ന ഇൻഡ്യാക്കാരൻ അയോഗ്യനാണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്റെ ചോദ്യം ജനകീയാസൂത്രണ പ്രവർത്തനത്തിൽ ഇപ്പോൾ മുഖ്യമന്ത്രി അംഗീകരിച്ചതും, ഞാൻ ഇവിടെ വായിച്ചുകേട്ടതുമായ ഗവൺമെന്റ് പ്രവർത്തനങ്ങളിൽ വിദേശ ഫണ്ട് ഉപയോഗിച്ചിരിക്കുന്നതുപോലെ ഇവിടെ ലഭ്യമായ ഈ ഫണ്ട് ജനകീയാസൂത്രണ പ്രവർത്തനത്തിൽ സർക്കാർ ഉപയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ചില വാക്കുകൾ നിയമസഭയിൽ ഉദ്ധരിച്ചാൽ അതിനാവശ്യമായ മറുപടി നൽകാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇക്കാര്യങ്ങൾ ഉന്നയിച്ചപ്പോൾ അതിന്റെ ബാക്കി ഭാഗങ്ങൾ കൂടി ഉന്നയിക്കാമായിരുന്നല്ലോ. അങ്ങനെ ഏതെങ്കിലും കാര്യത്തെക്കുറിച്ച് ഏതെങ്കിലും വേർഡിംഗ് എടുത്ത്, അല്ലെങ്കിൽ സെന്റൻസ് എടുത്ത് ഇവിട ഉദ്ധരിച്ചാൽ അതിന് മറുപടി പറയാൻ കഴിയില്ല. പ്രത്യേകമായി അത്തരത്തിലുള്ള കാര്യങ്ങളെ സംബന്ധിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് അംഗങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതികൾക്ക് വിദേശ ധനം ലഭിച്ചിട്ടില്ല എന്നുള്ളത് ഞാൻ നേരത്തെ മറുപടി പറഞ്ഞു. ഒരു പ്രാവശ്യം ഈ സഭയിൽ മറുപടി പറഞ്ഞാൽ പിന്നെ വീണ്ടും, വീണ്ടും തിരിച്ചും മറിച്ചും ചോദിച്ചാൽ മറ്റൊരു മറുപടി ലഭ്യമാകില്ല എന്നുള്ളതാണ്.

വർഗ്ഗീയ സംഘർഷം വ്യാപിപ്പിക്കുന്ന തരത്തിലുള്ള സംഘടനാ പ്രവർത്തനങ്ങൾ

3 (*651) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ.എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വർഗ്ഗീയ സംഘർഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും പ്രസ്താവനകളും, വിശ്വഹിന്ദുപരിഷത്ത്, ആർ.എസ്.എസ്., എൻ.ഡി.എഫ്. എന്നീ സംഘടനകളിൽ നിന്നും ഉണ്ടാകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിച്ച മാറാട് പുനരധിവാസ നടപടിയെ എതിർത്തുകൊണ്ടുള്ള വിശ്വഹിന്ദു പരിഷത്ത് അടക്കമുള്ള സംഘടനകളുടെ പ്രവർത്തനങ്ങളെ നേരിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രസ്തുത സംഘടനകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ ലോക്കൽ പോലീസും സ്പെഷ്യൽ ബ്രാഞ്ചും നിരീക്ഷിക്കുകയും ആവശ്യമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) നടപടികൾ തയ്യാറാക്കി വരുന്നു.

(ഡി) വർഗ്ഗീയ സംഘർഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നേരിടുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ,

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly